**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 170** **27-06-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ രണ്ട് ഗൈനക്കോളജി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും ഒരു അനസ്തെറ്റിസ്റ്റും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിട്ടും ഗൈനക്കോളജി വിഭാഗം പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. നിലവിൽ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ പ്രസവം നടക്കുന്നില്ല. അമ്മയുടേയും കുഞ്ഞിന്റെയും ആരോഗ്യം മികച്ച രീതിയിൽ പരിപാലിച്ച് നൽകുവാൻ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ മെഡിക്കൽ ഓഫീസർമാർ ഉൾപ്പടെയുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. പ്രസവത്തിനു വരുന്നവരെ പ്രസവത്തിനു മുൻപും പ്രസവത്തിനു ശേഷവും കിടത്തുവാനുള്ള സൗകര്യവും, ലേബർ റൂമിലേയ്ക്കും അനുബന്ധ തീയറ്ററിലേയ്ക്കും ഉള്ള ഉപകരണങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളും ടി ആശുപത്രിയിൽ നിലവിലില്ല. പ്രസ്തുത സൗകര്യങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് മാത്രമേ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാനാകൂ. |
| (ബി) | എങ്കിൽ പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉണ്ട്. നിലവിൽ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ പ്രസവം നടക്കുന്നില്ല. അമ്മയുടേയും കുഞ്ഞിന്റെയും ആരോഗ്യം മികച്ച രീതിയിൽ പരിപാലിച്ച് നൽകുവാൻ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ മെഡിക്കൽ ഓഫീസർമാർ ഉൾപ്പടെയുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. പ്രസവത്തിനു വരുന്നവരെ പ്രസവത്തിനു മുൻപും പ്രസവത്തിനു ശേഷവും കിടത്തുവാനുള്ള സൗകര്യവും, ലേബർ റൂമിലേയ്ക്കും അനുബന്ധ തീയറ്ററിലേയ്ക്കും ഉള്ള ഉപകരണങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളും ടി ആശുപത്രിയിൽ നിലവിലില്ല. പ്രസ്തുത സൗകര്യങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് മാത്രമേ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാനാകൂ. |

സെക്ഷൻ ഓഫീസർ